# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 333 – 03/03/2020 - ലെ മറുപടിക്ക്

### സംസ്ഥാനത്തിന്റെ കടബാധ്യത

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ കടബാധ്യതയിൽ പകുതിയിലേറെ 2025-നകം കൊടുത്തു തീർക്കേണ്ടതാണോ; എങ്കിൽ ഈ കാലയളവിൽ 71,698 കോടി രൂപ കൊടുത്തു തീർക്കേണ്ടതായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 64718.13 കോടി രൂപയാണ് വിവിധ കടബാദ്ധ്യതയിനത്തിൽ 2019-2025 കാലയളവിൽ കൊടുത്തു തീർക്കാനുള്ളത്. ഇത് പൊതുകടത്തിന്റെ (01.04.2018 മുതൽ 31.12.2019 വരെയുള്ള താത്കാലിക കണക്കുകൾ ഉൾപ്പെടെ) 37.69 ശതമാനമാണ്. |
| (ബി) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ സ്വന്തം നികുതി വരുമാനത്തിന്റെ തോത് കുറഞ്ഞു വരുന്ന സാഹചര്യമുണ്ടോയെന്ന് അറിയിക്കുമോ; | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ തനത് നികുതി വരുമാനത്തിന്റെ തോത് 2014-15 സാമ്പത്തിക വർഷം മുതൽ കുറഞ്ഞു വരുന്നതായിട്ടാണ് കണ്ടുവരുന്നത്. കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തികനയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ട് പ്രളയങ്ങളും സംസ്ഥാനത്തിന്റെ നികുതി വരുമാന തോത് കുറയുന്നതിന് കാരണമായിട്ടുണ്ട്. |
| (സി) | 2013-14 ൽ മൊത്തം റവന്യൂ വരുമാനത്തിന്റെ അറുപത്തി അഞ്ച് ശതമാനം സംസ്ഥാനത്തിന്റെ റവന്യൂ വരുമാന സ്രോതസ്സിൽ നിന്നായിരുന്നെങ്കിൽ 2017-18 ൽ ഇത് അൻപത്തിയാറ് ശതമാനമായി കുറഞ്ഞ സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ